പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*91

06/02/2020-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

**ചോദ്യം**

**ശ്രീ സണ്ണി ജോസഫ്**
**ശ്രീ എം. വിൻസെന്റ്**
**ശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ ടി. ജെ. വിനോദ്**

**മറുപടി**

**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ശോചനീയമാണെന്നതും സുരക്ഷിതമായ കെട്ടിടങ്ങളോ വൃത്തിയുള്ള ശുചിമുറികളോ പല സ്കൂളുകളിലും ഇല്ലായെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ), (ബി) & (സി) പൊതുവിദ്യാഭ്യാസ മേഖലയിൽ നിലവിലുണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും വേണ്ടിയാണ് 2016-ൽ തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷൻ രൂപീകരിച്ചത്. ഇതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 10 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട് 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇത് കൂടാതെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ട് ഉപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു കൂടാതെ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനായി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ നിർമ്മിക്കുന്നതിനും ഉള്ളവ വൃത്തിയായി സൂക്ഷിക്കുന്നതിനുമായി "വൃത്തിയുള്ള ശുചിമുറി" എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട് സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ അനുവദിക്കുന്ന തുകയ്ക്ക് പുറമേ പിഡി അക്കൗണ്ടിലെ തുക ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 1000 സ്കൂളുകളിൽ ശുചിമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട് അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളും, ഇക്കാര്യത്തിൽ പറ്റാവുന്ന സഹായങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**